ജപ്പാൻ കുടിവെള്ള പദ്ധതി

58 [1744] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പിൽ വരുത്തുന്നതിനായി തന്നാണ്ടിൽ ബഡ്ജറ്റിൽ എന്തു തുക വകയിരുത്തുകയുണ്ടായി എന്നും ഇതിനകം ഖജനാവിൽ നിന്നും എന്തു തുക ചെലവഴിക്കുകയുണ്ടായി എന്നും വ്യക്തമാക്കുമോ;

(ബി) പദ്ധതിക്കുവേണ്ടി എന്തു തുക വായ്പ എടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്;

(സി) ഇതിന് എത്ര ശതമാനം പലിശ നൽകേണ്ടതുണ്ട്;

(ഡി) ഏത് തീയതി മുതൽ എത്ര വർഷം എത്ര കോടി രൂപ വീതം വായ്പാ ഇനത്തിൽ തിരിച്ചടയ്ക്കേണ്ടതായിട്ടുണ്ട്;

(ഇ) പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാനം മൊത്തം എന്ത് തുക കണ്ടെത്തേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പിൽ വരുത്തുന്നതിനായി 2003-04 സാമ്പത്തിക വർഷത്തിൽ 20 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2003-04 സാമ്പത്തിക വർഷം 31-12-2003 വരെ 5.64 കോടി രൂപ ചെലവഴിക്കുകയുണ്ടായി.

(ബി) പരമാവധി 1519.38 കോടി രൂപ വായ്പയായി ലഭിക്കുന്നതാണ്.

(സി) 2.10 ശതമാനം.

(ഡി) 10 വർഷത്തെ ഗ്രേസ് പിരീഡ് കഴിഞ്ഞ് 20 വർഷം കൊണ്ടാണ് വായ്പ തിരിച്ചടയ്ക്കേണ്ടത്. ആദ്യത്തെ ഗഡുവായ 292.64 മില്യൺ ജാപ്പാനീസ് യെൻ 2007 ആഗസ്റ്റ് 20-നാണ് തിരിച്ചടയ്ക്കേണ്ടത്. ഇതിനുശേഷം 292.609 മില്യൺ യെൻ വീതം ഓരോ വർഷവും ഫെബ്രുവരി 20-നും, ആഗസ്റ്റ് 20-നും അവസാന ഗഡു 2027 ഫെബ്രുവരി 20-നുമാണ് തിരിച്ചടയ്ക്കേണ്ടത്.

(ഇ) 268.07 കോടി രൂപ.

2/198/2013—17.

LIBRARY ARCHIVES Kerala Legislative Assembly